**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം - നയരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.29/2021/വനം തീയതി, തിരുവനന്തപുരം,17/12/2021

---

പരാമർശം :- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 12.05.2017 ലെ Pro(4)-23587/2017 നമ്പർ കത്ത്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 18.06.2021 ലെ WA-627/2021 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക ആവശ്യത്തിനായി വെച്ചു പിടിപ്പിക്കപ്പെട്ട യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ തുടങ്ങിയ ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേക്ക് പുന:സ്ഥാപിക്കുകയോ തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുകയോ ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം(1) കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അഭ്യർത്ഥിച്ചിരുന്നു. ഇതു സംബന്ധമായി നടന്ന വിവിധ ചർച്ചകളുടെയും കൂടിയാലോചനകളുടേയും അടിസ്ഥാനത്തിൽ, ഇക്കാര്യത്തിനായി തയ്യാറാക്കിയ കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച പുതുക്കിയ കരട് നയരേഖ പരാമർശം(2) കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആവശ്യമായ തുടർനടപടിക്കായി സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ (*അനുബന്ധം കാണുക*) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

രാജേഷ് കുമാർ സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ് സി )വകുപ്പ് (ഐറ്റം നമ്പർ ................/തീയ്യതി 15/12/2021)
പരിസ്ഥിതി വകുപ്പ്/ധനകാര്യ വകുപ്പ്/റവന്യൂ വകുപ്പ്
വെബ് & ന്യൂ മീഡിയ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
മുഖ്യമന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്

B

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-12-2021

ഫയൽ നം. ബി1/104/2017/വനം. ഇനം നം: 446

വിഷയം : വനം-വന്യജീവി വകുപ്പ് - കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം - നയരേഖ അംഗീകരിക്കുന്നത്.

തീരുമാനം : നയരേഖ താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുവാൻ തീരുമാനിച്ചു.

2.11. വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ (ഉദാ. കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയവ) നട്ടുപിടിപ്പിക്കും. ഇതോടൊപ്പം തന്നെ വനത്തിനുള്ളിൽ തടയണകൾ, കുളങ്ങൾ, തുടങ്ങിയവ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കും. ഇതുവഴി ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്.

2.12. പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതോടൊപ്പം തന്നെ വനേതര പ്രദേശങ്ങളിലെ സവിശേഷമായ ആവാസവ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീരവനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉടമസ്ഥരുടെ സമ്മതത്തോടും ജനപങ്കാളിത്തത്തോടും കൂടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

3.10. കേരളത്തിലെ അവശേഷിക്കുന്ന കണ്ടൽക്കാടുകൾക്കും, പ്രത്യേകിച്ച് സ്വകാര്യവ്യക്തികളുടേയും മറ്റ് വകുപ്പുകളുടേയും അധീനതയിലുള്ള കണ്ടൽക്കാടുകൾക്ക്, വേണ്ടത്രസംരക്ഷണം നൽകേണ്ടതുണ്ട്.

(---2)

ഈ സംരംഭത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമായും പൊതുസമൂഹവുമായുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനായി പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കും. ഇതുവഴി വനവിസ്തൃതി വർദ്ധനവും അതിദ്രുതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കണ്ടൽക്കാടുകളുടെ പുനരുജ്ജീവനവും സാധ്യമാകും.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

16/12

AS

Rajesh Kumar Sinha IAS
Principal Secretary
Power Department
Govt. Secretariat
Thiruvananthapuram

Rajesh Kumar Sinha
Principal Secretary
Forest & Wildlife Department

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി1/104/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം-നയരേഖ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08.10.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ജയറാംകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.12.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.12.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.12.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.12.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖയാണ് ഈ കുറിപ്പിലെ പ്രതിപാദ്യവിഷയം.

2. കേരളത്തിലെ വ്യാവസായിക ആവശ്യത്തിനായി സ്ഥാപിക്കപ്പെട്ട യൂക്കാലിപ്റ്റസ് , അക്കേഷ്യ ഓറിക്കുലിഫോർമിസ് , അക്കേഷ്യ മാഞ്ചിയം , വാറ്റിൽ ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേക്ക് പുനസ്ഥാപിക്കുയോ തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുകയോ ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( ഫോറസ്റ്റ് മാനേജ്മെന്റ് ) സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി .ഇതു സംബന്ധമായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 26.02.2021,10.03.2021 എന്നീ തീയ്യതികളിൽ ചേർന്ന യോഗങ്ങളിൽ വിശദമായ ചർച്ചകൾ നടക്കുകയും യൂക്കാലിപ്റ്റസ് , അക്കേഷ്യ ഓറിക്കുലിഫോർമിസ് , അക്കേഷ്യ മാഞ്ചിയം , വാറ്റിൽ തുടങ്ങിയ തോട്ടങ്ങളെ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വാഭാവിക വനങ്ങളാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടത് ആവശ്യമാണെന്ന് തീരുമാനിക്കുകയും ചെയ്തു . ഇതിന്റെ അടിസ്ഥാനത്തിൽ ഏകവിളത്തോട്ടങ്ങൾ സ്വാഭാവികവനങ്ങളാക്കി മാറ്റുന്നതു സംബന്ധിച്ച കരട് നയരേഖ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( ഫോറസ്റ്റ് മാനേജ്മെന്റ് ) സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി

3. ബഹു വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 17.06.2021 ന് കരട് നയരേഖ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ യൂക്കാലിപ്റ്റസ് , അക്കേഷ്യ ഓറിക്കുലിഫോർമിസ് , അക്കേഷ്യ മാഞ്ചിയം , വാറ്റിൽ തുടങ്ങിയ വിദേശ വൃക്ഷവിളത്തോട്ടങ്ങളെ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വാഭാവിക വനങ്ങളാക്കി പുനസ്ഥാപിക്കുന്നത് സംബന്ധിച്ച കരട് നയത്തിൽ ജനകീയത ഉറപ്പു വരുത്തി പുതുക്കി സമർപ്പിക്കുവാൻ തീരുമാനമായി.

4. യൂക്കാലിപ്റ്റസ് , അക്കേഷ്യ ഓറിക്കുലിഫോർമിസ് , അക്കേഷ്യ മാഞ്ചിയം , വാറ്റിൽ എന്നിവയുടെ തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വാഭാവിക വനങ്ങളാക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സമർപ്പിച്ച പുതുക്കിയ കരട് നയരേഖയുടെ അടിസ്ഥാനത്തിൽ

തയ്യാറാക്കിയ ' സ്വാഭാവിക വനങ്ങളുടെ പുന : സ്ഥാപനം ' എന്നതിന്റെ കരട് നയരേഖ 03.11.2021 -ലെ മന്ത്രി സഭാ യോഗത്തിൽ പരിഗണിയ്ക്കുകയും (ഇനം നം.348) ഈ കരട് നയരേഖ സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുവാൻ ശ്രീ എ കെ ശശീന്ദ്രൻ (ചെയർമാൻ),ശ്രീ കെ രാജൻ (മെമ്പർ ),ശ്രീ പി രാജീവ് (മെമ്പർ ) എന്നീ മന്ത്രിമാർ അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി. പ്രസ്തുത മന്ത്രിസഭാ ഉപസമിതി 09 -11 - 2021 ന് ഉച്ചക്ക് ശേഷം യോഗം ചേർന്ന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശിപാർശകൾ ഉൾക്കൊള്ളിച്ച് കരട് നയരേഖ പരിഷ്കരിച്ചിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഈ കുറിപ്പിനോട് അനുബന്ധമായി ചേർത്തിരിക്കുന്ന, മന്ത്രിസഭാ ഉപസമിതി ശിപാർശ ചെയ്ത പ്രകാരമുള്ള, സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ അംഗീകരിക്കാവുന്നതാണോ ?

# സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം - നയരേഖ

## 1. ആമുഖം

1.1 സവിശേഷമായ പ്രകൃതി സമ്പത്തിനാൽ അനുഗ്രഹീതമാണ് കാടും, കടലും, പുഴയും ഇടകലർന്നുകിടക്കുന്ന പശ്ചിമഘട്ടത്തിന്റെ തെക്കേത്തലപ്പിലെ പച്ചത്തുരുത്തായ കേരളം. നമ്മുടെ വനങ്ങളും, പുഴകളും, കായലുകളും, തണ്ണീർത്തടങ്ങളും, മനുഷ്യൻ അധിവസിക്കുന്ന പ്രദേശങ്ങളും വളരെയധികം ജൈവസമ്പത്ത് നിലനിർത്തുന്നുണ്ട്. വളരെ ഉയർന്ന ജനസാന്ദ്രതയുള്ളതും ഉയർന്ന ജീവിതനിലവാരം പുലർത്തുന്നതുമായ കേരളത്തിന്റെ പാരിസ്ഥിതിക ഭദ്രത ഉറപ്പുവരുത്തുന്നതിൽ വൃക്ഷസമ്പന്നമായ നമ്മുടെ സ്വാഭാവിക പ്രകൃതിയുടെ, പ്രത്യേകിച്ച് വനങ്ങളുടെ, സംരക്ഷണം നിർണ്ണായകമാണ്. ജലസമൃദ്ധിയിൽ നിന്നും അതിവേഗം ജലദൗർലഭ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ ജലസുരക്ഷ ഉറപ്പു വരുത്തുന്നതോടൊപ്പം അതിവൃഷ്ടി മൂലമുണ്ടാകുന്ന പ്രളയത്തെ നിയന്ത്രിക്കുന്നതിലും വനങ്ങളുടെ പങ്ക് നിസ്തുലമാണ്.

1.2 ലോകത്തിലെ എട്ട് അതീവ ജൈവവൈവിധ്യ ഹോട്ട് സ്പോട്ടുകളിൽ ഒന്നായ പശ്ചിമഘട്ടം യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സമൃദ്ധമായ മഴയും, സൂര്യതാപവും, ഉയർന്ന ഈർപ്പവും, സവിശേഷമായ ഭൂപ്രകൃതിയും കേരളത്തിന്റെ തനതായ ജൈവസമ്പത്ത് രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. വികസന പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്ന കേരളത്തിൽ പ്രകൃതിസമ്പത്തിന്റെ ആരോഗ്യം നിലനിർത്തേണ്ടത് ജലസുരക്ഷയ്ക്കും, പാരിസ്ഥിതിക ഭദ്രതയ്ക്കും, സുസ്ഥിര വികസനത്തിനും അത്യാവശ്യമാണ്.

1.3 ഭൂപ്രദേശത്തിന്റെ 33 ശതമാനം വനാവരണം/വൃക്ഷാവരണം നിലനിർത്തണമെന്ന് ദേശീയ വനനയം അനുശാസിക്കുന്നു. നിലവിൽ സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ ഏതാണ്ട് 30 ശതമാനം വനമാണ്. ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖലാ ആർദ്ര ഇലപൊഴിയും വനങ്ങൾ, വരണ്ട ഇലപൊഴിയും കാടുകൾ, ചോലവനങ്ങൾ, പുൽമേടുകൾ, കണ്ടൽക്കാടുകൾ, തോട്ടങ്ങൾ മുതലായ വനവിഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

1.4 ചരിത്രപരമായി കേരള സമൂഹത്തിന് പ്രകൃതിയോടുള്ള ആഭിമുഖ്യവും, ഉയർന്ന പാരിസ്ഥിതിക അവബോധവും, പ്രതിബന്ധതയും വനങ്ങളേയും പ്രകൃതി വിഭവങ്ങളേയും കാത്തു സൂക്ഷിക്കുന്നതിൽ നിദാനമായിട്ടുണ്ട്.

1.5 എന്നാൽ ആധുനികതയുടെ കടന്നുവരവോടെ പ്രകൃതിയ്ക്കുമേലുള്ള സമ്മർദ്ദം ലോകത്തിലെ മറ്റു ഭാഗങ്ങളിലെന്ന പോലെ കേരളത്തിലും അനുദിനം വർദ്ധിച്ചു വരുന്നു. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ പ്രകൃതിസമ്പത്തിന്മേൽ അനിയന്ത്രിതമായ സമ്മർദ്ദം ഉണ്ടാക്കുന്നതിന്റെ ഫലമായി കാലാവസ്ഥാവ്യതിയാനം മൂലമുള്ള വരൾച്ചയും, അതിവൃഷ്ടിയും, വെള്ളപ്പൊക്കവും കേരളത്തിൽ നിത്യപ്രതിഭാസമായി മാറിയിരിക്കുന്നു. വൃഷ്ടിപ്രദേഷങ്ങളിലെ മണ്ണൊലിപ്പും, നദികളുടെ കരയിടിയുന്നതും, റിസർവോയറുകളുടെയും, ജലസ്രോതസ്സുകളുടെയും സംഭരണശേഷി അപകടകരമാംവിധം കുറയുന്നതും വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. ഇത് വ്യാപകമായ ജീവൻ, കൃഷി, സ്വത്ത്, ജൈവസമ്പത്ത് എന്നിവയുടെ നാശത്തിന് വഴിതെളിക്കുന്നു.

1.6 കാർബണിന്റെ മുഖ്യ ശേഖരണിയാണ് വനങ്ങളും മരങ്ങളും. പശ്ചിമഘട്ടത്തിലെ വനങ്ങളിലെ ജൈവവൈവിധ്യവും, നിബിഡതയും, ഉയർന്ന ജലലഭ്യതയും, ഭൂമിശാസ്ത്രപരമായ

സവിശേഷതകളും കാർബൺ ശേഖരം കൂട്ടുന്നതിനും തന്മൂലം ആഗോളതാപനം ലഘൂകരിക്കുന്നതിനും ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. വനങ്ങളുടെ പരിപോഷണവും പുന:സ്ഥാപനവും കാർബൺ ആഗിരണക്ഷമത മെച്ചപ്പെടുത്തുന്ന നടപടികളാണ്. കേരളത്തിലെ ഓരോ പഞ്ചായത്തുകളും / മുനിസിപ്പാലിറ്റികളും / കോർപ്പറേഷനുകളും 'കാർബൺ ന്യൂട്രൽ' ആയി മാറേണ്ടതുണ്ട്.

1.7 നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പലകാരണങ്ങൾ കൊണ്ട് ക്ഷയിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 കൾ മുതൽ 1980 കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിള ത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000 ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും, 90,000 ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ് കേരളത്തിൽ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജലസുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

1.8 ഇതുകൂടാതെ നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റവും സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചതിനാൽ ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണാവശ്യങ്ങൾക്കായി
ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ-വന്യജീവി സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യ-ജന്തുജാലങ്ങൾ കേരളത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് ഗുരുതരമായ കോട്ടം വരുത്തിയിട്ടുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന ഇത്തരം അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്.

1.9 കേരളത്തിലെ വനങ്ങളോട് ചേർന്ന് താമസിക്കുന്ന ആദിവാസി-ഗോത്രസമൂഹങ്ങളുടെ പ്രധാന ജീവനോപാധിയും, വരുമാന മാർഗ്ഗവുമാണ് തടിയേതര വനവിഭവങ്ങളുടെ ശേഖരണം. കാടിനെ ആശ്രയിച്ചും സംരക്ഷിച്ചുംജീവിച്ചുവന്നിരുന്ന ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവസന്ധാരണത്തെ വനശോഷണം പ്രതികൂലമായി ബാധിക്കും. വന-ജൈവസംരക്ഷണ പ്രവർത്തനങ്ങളിൽ ആദിവാസി വിഭാഗത്തിന്റെ ചരിത്രപരമായ പങ്ക് ഊട്ടിയുറപ്പിക്കേണ്ടതും അവർക്ക് കാടിനോടിണങ്ങുന്ന അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഒരുക്കേണ്ടതുമുണ്ട്. വനസംരക്ഷണയജ്ഞത്തിൽ അവിടുത്തെ ആവാസ വ്യവസ്ഥകളുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്ന ആദിവാസി സമൂഹത്തെ തുല്യ പങ്കാളികളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വർദ്ധിച്ച പ്രാധാന്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

1.10 വനങ്ങൾ മാത്രമല്ല വനേതര പ്രദേശങ്ങളിലെ ഭൂവിനിയോഗ രീതികളും കേരളത്തിന്റെ പ്രകൃതി-പാരിസ്ഥിതിക- ജലസുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. കേരളത്തിൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 700 ച.കി.കണ്ടൽക്കാടുകൾ നിലനിന്നിരുന്നു. എന്നാൽ ഇന്ന് വെറും 24 ച.കി. മാത്രമായി കണ്ടൽക്കാടുകൾ ചുരുങ്ങിയിരിക്കുകയാണ്. കടലോര, അഴിമുഖ പ്രദേശങ്ങളുടെ സ്ഥിരതയ്ക്കും, കടലാക്രമണം തടയുന്നതിനും മത്സ്യങ്ങളുടെ പ്രജനനത്തിനും കണ്ടൽക്കാടുകൾ സുപ്രധാനമാണ്.

1.11 കാലാവസ്ഥാവ്യതിയാനം മൂലമുള്ള കടലാക്രമണവും, ചുഴലിക്കാറ്റുകളും കേരളതീരത്തിന് നിരന്തര ഭീഷണിയായി തീർന്നിട്ടുണ്ട്. ദശലക്ഷകണക്കിന് വരുന്ന തീരദേശ നിവാസികളുടെ സ്വൈരജീവിതത്തിനും ജീവനോപാധികളുടെ നിലനിൽപ്പിനും തീര സംരക്ഷണം അത്യന്താപേക്ഷിതമാണ്. അനുയോജ്യമായ ജൈവ പ്രതിരോധ വേലികൾ സൃഷ്ടിച്ച് തീരസംരക്ഷണം ഉറപ്പ് വരുത്തുന്നത് ഇത്തരുണത്തിൽ പ്രാധാന്യമർഹിക്കുന്നു. ഈ പ്രവൃത്തി ജലവിഭവ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർ സഹകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

1.12 ഇതോടൊപ്പംതന്നെ വനേതര മേഖലയിലുള്ള തണ്ണീർത്തടങ്ങൾ, പുഴയോരങ്ങൾ, കാവുകൾ തുടങ്ങിയവ ജൈവ വൈവിദ്ധ്യത്തിന്റെ ഈറ്റില്ലങ്ങളും പാരിസ്ഥിതിക പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഘടകങ്ങളുമാണ്. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ ഇവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരം ആവാസവ്യവസ്ഥകളെ സംരക്ഷിച്ചും ഇവയുടെ പുന:സ്ഥാപനം നടത്തിയും വർദ്ധിച്ച പാരിസ്ഥിതിക സേവനങ്ങൾ ഉറപ്പുവരുത്തുവാൻ സാധിക്കും.

1.13 നിലവിൽ സംരക്ഷിത വനമേഖലകളിലും വനപ്രദേശങ്ങളിലും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഇതോടൊപ്പംതന്നെ വനത്തിനുപുറത്തുള്ള വൈവിധ്യമാർന്ന ആവാസവ്യവസ്ഥ നിലനിൽക്കുന്ന വനേതര പ്രദേശങ്ങളിലെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കൂടി കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതര സർക്കാർസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഇതിന് മുതൽക്കൂട്ടാവുന്നതാണ്. കൂടാതെ പൊതുജനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക സംരക്ഷണ അവബോധം വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

1.14 നിമ്നോന്നതങ്ങളായ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സംസ്ഥാനത്തിന്റെ ഭൂവിനിയോഗ രീതികളുടെ ഏകോപനം പാരിസ്ഥിതിക ഭദ്രതയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് അത്യാവശ്യമാണ്. ബൃഹത്തായ ഈ സംരംഭം എല്ലാവിഭാഗം ജനങ്ങളുടെയും, വിവിധ വകുപ്പുകളുടെയും കൂട്ടായ ശ്രമത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളു.

ıı

## 2. സർക്കാരിന്റെ സമീപനം

38,863 ച.കി.മീ. സ്ഥലത്ത് പരന്നു കിടക്കുന്ന കേരളത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമാക്കിയിട്ടുള്ള പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2.1 സ്വാഭാവികതയും ജൈവവൈവിധ്യവും നഷ്ടപ്പെട്ട ശുഷ്കിച്ച വനപ്രദേശങ്ങളിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കും.

ഇത് പാരിസ്ഥിതികഭദ്രത, ജലസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തദ്ദേശിയർക്ക് ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കും.

2.2 പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തും. നാം തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും, വർദ്ധിച്ച വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യമർഹിക്കുന്നു. ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ട് കൊണ്ട് പൂർത്തീകരിക്കുന്നതാണ്.

2.3 അനുയോജ്യമല്ലാത്ത കാലാവസ്ഥയും, മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവും മൂലം പാടെ പരാജയപ്പെട്ടതോ, വളർച്ച മുരടിച്ചതോ വന്യജീവി വഴിത്താരകളിലുള്ളതോ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളതോ, നദീതടങ്ങളിലുള്ളതോ ആയ സർക്കാർ ഉടമസ്ഥയിലുള്ള തേക്ക് തോട്ടങ്ങൾ, മണ്ണ്-ജല സംരക്ഷണം ലക്ഷ്യമാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റും. ഇവിടങ്ങളിലെ ആവാസവ്യവസ്ഥയും അതിൽ നിലവിലുള്ള താമസക്കാരുടെയും പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും ഈ പരിപാടി നടപ്പിലാക്കുക.

2.4 ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലന്റാന, മൈക്കീനിയ, സെന്ന തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽ നിന്നും മറ്റ് ആവാസവ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനും തദ്ദേശീയ ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

2.5 വനനശീകരണത്തിനും മൂല്യശോഷണത്തിനും കാരണമായ കാട്ടുതീയിൽ നിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുജനപങ്കാളിത്തത്തോടുകൂടിയും, ആധുനിക രീതികൾ അവലംബിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

2.6 ഉൾവനങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെ മുൻകൂട്ടിഅറിയുന്നതിനും പ്രതിരോധിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി വനംവകുപ്പിനെ സജ്ജമാക്കുന്നതിനുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കും.

2.7 വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായും ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായും വനസംരക്ഷണ / വനവത്കരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും, ആധുനിക വിദ്യാഭ്യാസവും, അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യും. വനങ്ങളുടെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനും, പ്രകൃതിദുരന്ത സാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായും, അവർക്ക് താത്പര്യമുള്ള പക്ഷം മറ്റിടങ്ങളിലേക്ക് അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കും.

2.8 തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും, മൂല്യവർദ്ധനവും, വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കും. പങ്കാളിത്ത

വനപരിപാലനത്തിന്റെയും, വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഇതിനായി ഉപയോഗിക്കും. ഇത് വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

2.9 അമിത ചൂഷണവും ആവാസവ്യവസ്ഥയുടെ നാശവും നിമിത്തം അന്യംനിന്നുകൊണ്ടിരിക്കുന്ന സസ്യ-ജന്തുജാലങ്ങളെ കണ്ടെത്തി അവയുടെ പുനരുൽപാദനവും സംരക്ഷണവും ഉറപ്പുവരുത്തും. ഇതുവഴി ജൈവ സമ്പന്നത നിലനിർത്തുന്നതിനും മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ ഭാവിയിൽ ഉറപ്പാക്കുന്നതിനും സാധിക്കും.

2.10 വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വനത്തുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും, വന്യജീവികളുടെ സുഗമമായ സഞ്ചാരം ഉറപ്പു വരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഇത് ഇടയാക്കും.

2.11 വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പു വരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ (ഉദാ: കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയ) നട്ടുപിടിപ്പിക്കും. ഇതോടൊപ്പം തന്നെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും.

2.12 പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതോടൊപ്പം തന്നെ വനേതരപ്രദേശങ്ങളിലെ സവിശേഷമായ ആവാസ വ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീരവനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനപങ്കാളിത്തത്തോടു കൂടി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കും.

2.13 കടൽ/പുഴ തീരസംരക്ഷണത്തിനും, സമുദ്ര-ജല ആവാസവ്യവസ്ഥയിലുള്ള ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും തദ്ദേശീയവാസികളുടെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ അനുയോജ്യമായ നടപടികൾ കൈക്കൊള്ളും. തീരദേശവാസികളുടെ ജീവിതസന്ധാരണം മെച്ചപ്പെടുത്തുന്നതിനും പുഴയോര പ്രദേശങ്ങളിലെ കാർഷിക അഭിവൃദ്ധിക്കും ഇത് വഴിതെളിക്കും.

2.14 വനത്തിനു വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗിരണം വർദ്ധിപ്പിക്കുന്നതിനും, വനാശ്രിതത്വം കുറയ്ക്കുന്നതിനും, സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കും. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും, കൃഷിക്കാരും, പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും.

2.15 തടിക്കും മറ്റുദ്ദേശത്തോട്ടുകൂടിയും വളർത്തുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വൃക്ഷങ്ങളുടെ ശാസ്ത്രീയമായ പരിപാലനവും പുനരുൽപാദനവും ഉറപ്പുവരുത്തുകയും അവയുടെ ഉൽപാദനക്ഷമത കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഇതിനായി പ്രയോജനപ്പെടുത്തും.

2.16 വനവൽക്കരണ പ്രവർത്തനങ്ങൾക്കും, തോട്ടനിർമ്മാണ പരിപാലന പ്രവർത്തനങ്ങൾക്കും കാലാനുസൃതവും, ഫലപ്രദവുമായ നവീന ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും, ആയത് സുഗമമായി നടപ്പിലാക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

III

## 3. അവലംബന രീതി

മേൽപ്പറഞ്ഞ, സമഗ്രമായ പാരിസ്ഥിതിക സമീപനം വിജയകരമായി നടപ്പിലാക്കേണ്ടത് നവകേരള സൃഷ്ടിക്ക് അനിവാര്യമാണ്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയുടെ ആധാരശിലയായ പ്രസ്തുത പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന അവലംബന രീതികൾ സ്വീകരിക്കുന്നതാണ്.

3.1 ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതാണ്. വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുകയും, വനാതിർത്തിയുടെ വിവരങ്ങൾ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇത് കയ്യേറ്റങ്ങളിൽ നിന്നും കാടിനെ സംരക്ഷിക്കുന്നതിനോടൊപ്പം വനാതിർത്തി പ്രദേശങ്ങളിൽ ഉണ്ടാകാനിടയുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുന്നതാണ്.

3.2 നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങൾ, അക്കേഷ്യ, യൂക്കാലിത്തോട്ടങ്ങൾ, വാറ്റിൽ, നിലവിലുള്ള തേക്ക് തോട്ടങ്ങളിൽ പരാജയപ്പെട്ടവ, വളർച്ച മുരടിച്ചവ, വന്യജീവി വഴിത്താരകളിലുള്ളവ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളവ, നദീതീരങ്ങളിലുള്ളവ എന്നിവ വർക്കിംഗ് പ്ലാൻ ശുപാർശകൾക്ക് വിധേയമായി, തേക്കിന്റെ ശേഖരണം ആവശ്യമെങ്കിൽ നടത്തിയശേഷം, മണ്ണ്-ജലസംരക്ഷണം ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതാണ്.

3.3 വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുവാനും, മേൽ വരുമാനത്തിന്റെ 50% പരിസ്ഥിതി-പുന:സ്ഥാപന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, ബാക്കി 50% നിലനിർത്തുന്ന തേക്ക് തോട്ടങ്ങളുടെ മെച്ചപ്പെട്ട പരിപാലനത്തിനും, വനാധിഷ്ഠിത സമൂഹത്തിന്റെ ഉന്നമനത്തിനും, ആധുനിക വനപരിപാലന പ്രവർത്തനങ്ങൾക്കും ചാക്രിക നിധിയായി വിനിയോഗിക്കുന്നതാണ്.

3.4 വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന

തദ്ദേശസസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കും.

3.5 മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് പങ്കാളിത്ത വനപരിപാലനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തികളിലൂടെ വനാശ്രിത സമൂഹങ്ങൾക്കിടയിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ വഴി മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്നതാണ്. വനാശ്രിത സമൂഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇത്തരം ശ്രമങ്ങൾക്ക് പ്രോത്സാഹനവും മാർഗ്ഗദർശനവും സർക്കാർ നൽകുന്നതാണ്.

3.6 അനിയന്ത്രിതമായ കാട്ടുതീ വനശോഷണത്തിനും, തന്മൂലം ജൈവസമ്പത്തിന്റെ നാശത്തിനും, ജലദൗർലഭ്യത്തിനും, മണ്ണൊലിപ്പിനും കാരണമായി ഭവിക്കുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വനപരിപാലനത്തിലൂടെയും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയും, ആധുനിക രീതികൾ അവലംബിച്ചും നടപ്പിലാക്കുന്നതാണ്.

3.7 വനസുരക്ഷ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ, വാഹനങ്ങൾ, ആയുധങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കും.

3.8 ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട വിപണനം എന്നിവ ഉറപ്പുവരുത്തി ആദിവാസി സമൂഹത്തിന് തൊഴിലവസരങ്ങളും, ജീവസന്ധാരണമാർഗ്ഗങ്ങളും, കാടിന്റെ സംരക്ഷണവും സാധ്യമാക്കും. തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ കോർത്തിണക്കി കർമ്മപരിപാടികൾ ആവിഷ്കരിക്കും.

3.9 കാവുകൾ ജൈവവൈവിധ്യത്തിന്റെ തുരുത്തുകളാണ്. കേരളത്തിൽ ആയിരക്കണക്കിന് കാവുകൾ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ അധീനതയിലാണ്. പൊതുജനപങ്കാളിത്തത്തോടെ കൂടുതൽ കാവുകളെ സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകും. ഇത്തരം ചെറുവനങ്ങളിൽ നിന്നും വർദ്ധിച്ച പാരിസ്ഥിതിക സേവനങ്ങളും പൊതുജനങ്ങൾക്കിടയിൽ പാരിസ്ഥിതിക അവബോധവും സൃഷ്ടിക്കുവാൻ സാധിക്കും.

3.10 കേരളത്തിലെ അവശേഷിക്കുന്ന കണ്ടൽക്കാടുകൾക്കും, പ്രത്യേകിച്ച് സ്വകാര്യവ്യക്തികളുടെയും മറ്റ് വകുപ്പുകളുടെയും അധീനതയിലുള്ള കണ്ടൽക്കാടുകൾക്ക്, വേണ്ടത്ര സംരക്ഷണം നൽകേണ്ടതുണ്ട്. ഈ സംരംഭത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമായും പൊതുസമൂഹവുമായുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനായി പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കും. ഇതുവഴി വനവിസ്തൃതി വർദ്ധനവും, അതിദ്രുതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കണ്ടൽക്കാടുകളുടെ പുനരുജ്ജീവനവും സാധ്യമാകും.

3.11 കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആകുന്നതിന് വൃക്ഷവൽക്കരണം ആവശ്യമാണ്. ആയതിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തും. ഇത് വ്യാപകമായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും.

3.12 ഒരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ചുള്ള വൃക്ഷങ്ങളായിരിക്കും സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനത്തിന് സർക്കാർ പ്രോത്സാഹിപ്പിക്കുക. ചെമ്മണ്ണ്, വെട്ടുകല്ല് തുടങ്ങിയവയുള്ള പ്രദേശങ്ങളിൽ ഇരുൾ, കരിമരുത്, മാവ്, പ്ലാവ്, ഞാവൽ, കാഞ്ഞിരം, അത്തി, ആൽ തുടങ്ങിയ മരങ്ങളായിരിക്കും പ്രോത്സാഹിപ്പിക്കുക. എക്കൽ നിറഞ്ഞ സമുദ്രതീരങ്ങളിൽ പൂവരശ്, വാക, തെങ്ങ്, വേലിപ്പരുത്തി, നോനി, കുടംപുളി തുടങ്ങിയവയും പ്രോത്സാഹിപ്പിക്കും. പുഴ-നദി തീരങ്ങളിൽ മുള, ഈറ്റ നാങ്ക്, വെൺകട്ട, വെട്ടി, പുന്ന, കാര, അമ്പഴം, വെൺതേക്ക്, കിളിമരം, അത്തി, പൂവം, ആറ്റുവഞ്ചി തുടങ്ങിയ മരങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക. സമതല പ്രദേശങ്ങളിൽ അശോകം, ആര്യവേപ്പ്, കുടംപുളി, പതിമുഖം, മന്ദാരം, കണിക്കൊന്ന, മുള, പേര, അയണി, ചരൽപ്പഴം, എബണി, കുടപ്പന, കിളിനാങ്ക് തുടങ്ങിയവ വെച്ചുപിടിപ്പിക്കും. വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ മണിമരുത്, നീർമരുത്, ഒങ്ങ്, ചോലവേങ്ങ, ഞാവൽ, പമ്പരകുമ്പിൾ, കടമ്പ് തുടങ്ങിയവയും പ്രോത്സാഹിപ്പിക്കും. ഉയരംകൂടിയ പ്രദേശങ്ങളിലാവട്ടെ മഴകാഞ്ഞിരം, ഈട്ടി, കുളമാവ്, വാലി, മരോട്ടി, വയണ, ചോലപ്പൂവം, പൂശിപ്പഴം, വലിയവെള്ളപ്പൈൻ, ചെങ്കുറിഞ്ഞി, എണ്ണപ്പയിൻ, കുന്തിരിക്കം, നിറമ്പാലി, കൊണ്ടപ്പന തുടങ്ങിയവയ്ക്കായിരിയ്ക്കും പ്രാധാന്യം നൽകുക. ഇത്തരത്തിലുള്ള മരങ്ങളെ അതാത് പ്രദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ച് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയായിരിക്കും സ്വീകരിക്കുക.

3.13 കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള സുസ്ഥിരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി തീരദേശ ജനതയുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി തീരപ്രദേശത്തിന് അനുയോജ്യമായ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് തീരവനം നിർമ്മിക്കും. ഈ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടും നേതൃത്വത്തോടും കൂടി തൊഴിലുറപ്പ് പദ്ധതി മുഖേന കാര്യക്ഷമമായി നടത്തുവാൻ കഴിയും.

3.14 നദികളുടെയും റിസർവോയറുകളുടെയും വൃഷ്ടിപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ, മുള, ഈറ്റ തുടങ്ങിയവ പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുകയും ഇതിനാവശ്യമായ വൃക്ഷതൈകൾ തൊഴിലുറപ്പ് പദ്ധതി മുഖേനയും, വനംവകുപ്പിന്റെ സാമൂഹ്യ വനവത്കരണ വിഭാഗം മുഖേനയും ഉല്പാദിപ്പിച്ച് യഥാസമയം വിതരണം ചെയ്യുന്നതാണ്.

3.15 വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതികളും കാർബൺ ആഗിരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയും വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വ്യാപിപ്പിക്കുന്നതാണ്.

3.16 പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. മാനവശേഷി വികസനത്തിന്

ആധുനിക രീതിയിലുള്ള പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തും. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കും.

IV

**4. സംഗ്രഹം :-**

4.1 കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ട് പാരിസ്ഥിതി ധവളപത്രം സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ കേരളത്തിന്റെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിച്ചിരുന്നു. അതിലെ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് വനവും അനുബന്ധ മേഖലകളും എങ്ങനെ സംരക്ഷിക്കാമെന്നത് സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടാണ് ഈ നയരേഖയിൽ അവതരിപ്പിക്കുന്നത്.

4.2 പ്രകൃതി വിഭങ്ങളുടെ അമിത ചൂഷണവും ആവാസവ്യവസ്ഥയുടെ ശോഷണവും കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യരുടെ ജീവിത ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു. ആരോഗ്യകരമായ സ്വാഭാവിക പ്രകൃതി / പരിസ്ഥിതി എന്നത് സുസ്ഥിര സാമ്പത്തിക വളർച്ചക്കും ശ്രേയസ്കരമായ സമൂഹത്തിനും ആധാരമായ പ്രധാന ഘടകങ്ങളാണ്. ഇവ തമ്മിലുള്ള മൗലിക ബന്ധം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നത് മൂലം നാം സുസ്ഥിര വികസനത്തിലേക്ക് കൂടുതൽ അടുക്കുന്നതാണ്.

4.3 നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പല കാരണങ്ങളാൽ ക്ഷയിച്ചുപോയിട്ടുണ്ട്. അവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തന പദ്ധതികൾ ജനങ്ങളുടെയും പ്രത്യേകിച്ചും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക പ്രധാനമാണ്. അത് സംബന്ധിച്ച കാഴ്ചപ്പാട് രൂപീകരിച്ച് ഇടപെടുന്ന കാര്യമാണ് ഈ രേഖയിൽ മുന്നോട്ടുവച്ചിട്ടുള്ളത്.

4.4 വനങ്ങളുടെ ആരോഗ്യത്തിനും നമ്മുടെ ആവാസ വ്യവസ്ഥയ്ക്കും തടസ്സമായി നിൽക്കുന്ന സസ്യ, ജന്തുജാലങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ സാന്നിധ്യം ഇല്ലാതാക്കുന്നതിനുതകുന്ന കാഴ്ചപ്പാടാണ് ഇതിൽ വിശദീകരിക്കുന്നത്. അതോടൊപ്പം ഏതെല്ലാം തരത്തിലുള്ള ജീവജാലങ്ങളാണ് ഒരോ ആവാസവ്യവസ്ഥയ്ക്കും ഗുണപരമായിട്ടുള്ളതെന്ന് പരിശോധിച്ച് അവ വ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും മുന്നോട്ടുവയ്ക്കുന്നു.

4.5 വനപ്രദേശങ്ങൾ എന്ന നിലയിൽ നാം വിഭാവനം ചെയ്യുന്ന ഇടങ്ങളിൽ മാത്രമല്ല, നമ്മുടെ ആവാസ വ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന തരത്തിൽ നില നിൽക്കുന്ന സസ്യജാലങ്ങളെ ഒഴിവാക്കുന്നതിനുള്ള പ്രക്രിയയായി ഇത് മാറുന്നു. ഒപ്പം ആവാസവ്യവസ്ഥയ്ക്ക് സൗഹാർദ്ദപരമായി നിൽക്കുന്ന സസ്യജാലങ്ങളെ വച്ചുപിടിപ്പിയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനമായി തീരുകയും ചെയ്യുന്നു.

4.6 പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും ജീവനോപാധികൾ സംരക്ഷിച്ചുകൊണ്ടും സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം വകുപ്പ് മാത്രമല്ല, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, മറ്റു സർക്കാർ വകുപ്പുകൾ, സർക്കാർ ഇതരസംവിധാനങ്ങൾ, വാണിജ്യ കൂട്ടായ്മകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ,

സന്നദ്ധസംഘടനകൾ തുടങ്ങിയവ പരസ്പര പൂരകങ്ങളായി വർത്തിക്കണം. വന പുനസ്ഥാപനം അടിസ്ഥാനമായിട്ടുള്ള സുസ്ഥിര വികസനത്തിന്, ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട പങ്കാളികളുടെ സഹകരണത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കുവാൻ വിവക്ഷിക്കുന്നു.

4.7 ഇത്തരത്തിൽ വന പുന:സ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന വന പുനസ്ഥാപന നയം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാവും. ഇത് വന പുനസ്ഥാപനത്തിനും അതുവഴി പാരിസ്ഥിതിക സംരക്ഷണത്തിനും ബഹുജനങ്ങളെ അണിനിരത്തിയുള്ള ഒരു ജനകീയ പ്രസ്ഥാനം രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നു.

4.8 വന-പ്രകൃതി സംരക്ഷണത്തിന് വനാശ്രിത സമൂഹങ്ങളെയും ബഹുജനങ്ങളെയാകമാനവും ഉൾപ്പെടുത്തിയുള്ള വലിയ മുന്നേറ്റം വിഭാവനം ചെയ്യുന്നു. അതുവഴി ഇത്തരമൊരു അവബോധം തലമുറകളിലൂടെ കൈമാറ്റം ചെയ്ത് കേരളത്തിന്റെ വനസമ്പത്തും പ്രകൃതിയും സംരക്ഷിക്കുന്നതിനുള്ള സമീപനമായിത്തീരും.

-----------------------------------

അനുബന്ധം

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം - നയരേഖ

### 1. ആമുഖം

1 . 1 സവിശേഷമായ പ്രകൃതി സമ്പത്തിനാൽ അനുഗ്രഹീതമാണ് കാടും, കടലും, പുഴയും ഇടകലർന്നുകിടക്കുന്ന പശ്ചിമഘട്ടത്തിന്റെ തെക്കേത്തലപ്പിലെ പച്ചത്തുരുത്തായ കേരളം. നമ്മുടെ വനങ്ങളും, പുഴകളും, കായലുകളും, തണ്ണീർത്തടങ്ങളും, മനുഷ്യൻ അധിവസിക്കുന്ന പ്രദേശങ്ങളും വളരെയധികം ജൈവസമ്പത്ത് നിലനിർത്തുന്നുണ്ട്. വളരെ ഉയർന്ന ജനസാന്ദ്രതയുള്ളതും ഉയർന്ന ജീവിതനിലവാരം പുലർത്തുന്നതുമായ കേരളത്തിന്റെ പാരിസ്ഥിതിക ഭദ്രത ഉറപ്പുവരുത്തുന്നതിൽ വൃക്ഷസമ്പന്നമായ നമ്മുടെ സ്വാഭാവിക പ്രകൃതിയുടെ, പ്രത്യേകിച്ച് വനങ്ങളുടെ, സംരക്ഷണം നിർണ്ണായകമാണ്. ജലസമൃദ്ധിയിൽ നിന്നും അതിവേഗം ജലദൗർലഭ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ ജലസുരക്ഷ ഉറപ്പു വരുത്തുന്നതോടൊപ്പം അതിവൃഷ്ടി മൂലമുണ്ടാകുന്ന പ്രളയത്തെ നിയന്ത്രിക്കുന്നതിലും വനങ്ങളുടെ പങ്ക് നിസ്തുലമാണ്.

1 . 2 ലോകത്തിലെ എട്ട് അതീവ ജൈവവൈവിധ്യ ഹോട്ട് സ്പോട്ടുകളിൽ ഒന്നായ പശ്ചിമഘട്ടം യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സമൃദ്ധമായ മഴയും, സൂര്യതാപവും, ഉയർന്ന ഈർപ്പവും, സവിശേഷമായ ഭൂപ്രകൃതിയും കേരളത്തിന്റെ തനതായ ജൈവസമ്പത്ത് രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. വികസന പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്ന കേരളത്തിൽ പ്രകൃതിസമ്പത്തിന്റെ ആരോഗ്യം നിലനിർത്തേണ്ടത് ജലസുരക്ഷയ്ക്കും, പാരിസ്ഥിതിക ഭദ്രതയ്ക്കും, സുസ്ഥിര വികസനത്തിനും അത്യാവശ്യമാണ്.

1.3 ഭൂപ്രദേശത്തിന്റെ 33 ശതമാനം വനാവരണം/വൃക്ഷാവരണം നിലനിർത്തണമെന്ന് ദേശീയ വനനയം അനുശാസിക്കുന്നു. നിലവിൽ സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ ഏതാണ്ട് 3 0 ശതമാനം വനമാണ്. ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖലാ ആർദ്ര ഇലപൊഴിയും വനങ്ങൾ, വരണ്ട ഇലപൊഴിയും കാടുകൾ, ചോലവനങ്ങൾ, പുൽമേടുകൾ, കണ്ടൽക്കാടുകൾ, തോട്ടങ്ങൾ മുതലായ വനവിഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

1 . 4 ചരിത്രപരമായി കേരള സമൂഹത്തിന് പ്രകൃതിയോടുള്ള ആഭിമുഖ്യവും, ഉയർന്ന പാരിസ്ഥിതിക അവബോധവും, പ്രതിബന്ധതയും വനങ്ങളേയും പ്രകൃതി വിഭവങ്ങളേയും കാത്തു സൂക്ഷിക്കുന്നതിൽ നിദാനമായിട്ടുണ്ട്.

1 . 5 എന്നാൽ ആധുനികതയുടെ കടന്നുവരവോടെ പ്രകൃതിയ്ക്കുമേലുള്ള സമ്മർദ്ദം ലോകത്തിലെ മറ്റു ഭാഗങ്ങളിലെന്ന പോലെ കേരളത്തിലും അനുദിനം വർദ്ധിച്ചു വരുന്നു. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ പ്രകൃതിസമ്പത്തിന്മേൽ അനിയന്ത്രിതമായ സമ്മർദ്ദം ഉണ്ടാക്കുന്നതിന്റെ ഫലമായി കാലാവസ്ഥാവ്യതിയാനം മൂലമുള്ള വരൾച്ചയും, അതിവൃഷ്ടിയും, വെള്ളപ്പൊക്കവും കേരളത്തിൽ നിത്യപ്രതിഭാസമായി മാറിയിരിക്കുന്നു. വൃഷ്ടിപ്രദേഷങ്ങളിലെ മണ്ണൊലിപ്പും, നദികളുടെ കരയിടിയുന്നതും, റിസർവോയറുകളുടെയും, ജലസ്രോതസ്സുകളുടെയും സംഭരണശേഷി അപകടകരമാംവിധം കുറയുന്നതും വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. ഇത് വ്യാപകമായ ജീവൻ, കൃഷി, സ്വത്ത്, ജൈവസമ്പത്ത് എന്നിവയുടെ നാശത്തിന് വഴിതെളിക്കുന്നു.

1. 6 കാർബണിന്റെ മുഖ്യ ശേഖരണിയാണ് വനങ്ങളും മരങ്ങളും. പശ്ചിമഘട്ടത്തിലെ വനങ്ങളിലെ ജൈവവൈവിധ്യവും, നിബിഡതയും, ഉയർന്ന ജലലഭ്യതയും, ഭൂമിശാസ്ത്രപരമായ സവിശേഷതകളും കാർബൺ ശേഖരം കൂട്ടുന്നതിനും തന്മൂലം ആഗോളതാപനം ലഘൂകരിക്കുന്നതിനും ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. വനങ്ങളുടെ പരിപോഷണവും പുന:സ്ഥാപനവും കാർബൺ ആഗിരണക്ഷമത മെച്ചപ്പെടുത്തുന്ന നടപടികളാണ്. കേരളത്തിലെ ഓരോ പഞ്ചായത്തുകളും / മുനിസിപ്പാലിറ്റികളും / കോർപ്പറേഷനുകളും 'കാർബൺ ന്യൂട്രൽ' ആയി മാറേണ്ടതുണ്ട്.

1. 7 നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പലകാരണങ്ങൾ കൊണ്ട് ക്ഷയിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950കൾ മുതൽ 1980കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിള ത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും, 90,000ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ് കേരളത്തിൽ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജലസുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

1. 8 ഇതുകൂടാതെ നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റവും സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചതിനാൽ ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ-വന്യജീവി സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യ-ജന്തുജാലങ്ങൾ കേരളത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് ഗുരുതരമായ കോട്ടം വരുത്തിയിട്ടുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന ഇത്തരം അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്.

1. 9 കേരളത്തിലെ വനങ്ങളോട് ചേർന്ന് താമസിക്കുന്ന ആദിവാസി-ഗോത്രസമൂഹങ്ങളുടെ പ്രധാന ജീവനോപാധിയും, വരുമാന മാർഗ്ഗവുമാണ് തടിയേതര വനവിഭവങ്ങളുടെ ശേഖരണം. കാടിനെ ആശ്രയിച്ചും സംരക്ഷിച്ചുംജീവിച്ചുവന്നിരുന്ന ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവസന്ധാരണത്തെ വനശോഷണം പ്രതികൂലമായി ബാധിക്കും. വന-ജൈവസംരക്ഷണ പ്രവർത്തനങ്ങളിൽ ആദിവാസി വിഭാഗത്തിന്റെ ചരിത്രപരമായ പങ്ക് ഊട്ടിയുറപ്പിക്കേണ്ടതും അവർക്ക് കാടിനോടിണങ്ങുന്ന അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഒരുക്കേണ്ടതുമുണ്ട്. വനസംരക്ഷണയജ്ഞത്തിൽ അവിടുത്തെ ആവാസ വ്യവസ്ഥകളുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്ന ആദിവാസി സമൂഹത്തെ തുല്യ പങ്കാളികളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വർദ്ധിച്ച പ്രാധാന്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

1. 10 വനങ്ങൾ മാത്രമല്ല വനേതര പ്രദേശങ്ങളിലെ ഭൂവിനിയോഗ രീതികളും കേരളത്തിന്റെ പ്രകൃതി-പാരിസ്ഥിതിക- ജലസുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. കേരളത്തിൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 7 0 0 ച.കി.കണ്ടൽക്കാടുകൾ നിലനിന്നിരുന്നു. എന്നാൽ ഇന്ന് വെറും 2 4 ച.കി. മാത്രമായി കണ്ടൽക്കാടുകൾ ചുരുങ്ങിയിരിക്കുകയാണ്. കടലോര, അഴിമുഖ പ്രദേശങ്ങളുടെ സ്ഥിരതയ്ക്കും, കടലാക്രമണം തടയുന്നതിനും മത്സ്യങ്ങളുടെ പ്രജനനത്തിനും കണ്ടൽക്കാടുകൾ സുപ്രധാനമാണ്.

1.11 കാലാവസ്ഥാവ്യതിയാനം മൂലമുള്ള കടലാക്രമണവും, ചുഴലിക്കാറ്റുകളും കേരളതീരത്തിന് നിരന്തര ഭീഷണിയായി തീർന്നിട്ടുണ്ട്. ദശലക്ഷകണക്കിന് വരുന്ന തീരദേശ നിവാസികളുടെ സ്വൈരജീവിതത്തിനും ജീവനോപാധികളുടെ നിലനിൽപ്പിനും തീര സംരക്ഷണം അത്യന്താപേക്ഷിതമാണ്. അനുയോജ്യമായ

ജൈവ പ്രതിരോധ വേലികൾ സൃഷ്ടിച്ച് തീരസംരക്ഷണം ഉറപ്പ് വരുത്തുന്നത് ഇത്തരുണത്തിൽ പ്രാധാന്യമർഹിക്കുന്നു. ഈ പ്രവൃത്തി ജലവിഭവ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർ സഹകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

1.12 ഇതോടൊപ്പംതന്നെ വനേതര മേഖലയിലുള്ള തണ്ണീർത്തടങ്ങൾ, പുഴയോരങ്ങൾ, കാവുകൾ തുടങ്ങിയവ ജൈവ വൈവിദ്ധ്യത്തിന്റെ ഈറ്റില്ലങ്ങളും പാരിസ്ഥിതിക പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഘടകങ്ങളുമാണ്. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ ഇവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരം ആവാസവ്യവസ്ഥകളെ സംരക്ഷിച്ചും ഇവയുടെ പുനഃസ്ഥാപനം നടത്തിയും വർദ്ധിച്ച പാരിസ്ഥിതിക സേവനങ്ങൾ ഉറപ്പുവരുത്തുവാൻ സാധിക്കും.

1.13 നിലവിൽ സംരക്ഷിത വനമേഖലകളിലും വനപ്രദേശങ്ങളിലും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഇതോടൊപ്പംതന്നെ വനത്തിനുപുറത്തുള്ള വൈവിധ്യമാർന്ന ആവാസവ്യവസ്ഥ നിലനിൽക്കുന്ന വനേതര പ്രദേശങ്ങളിലെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കൂടി കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതര സർക്കാർസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഇതിന് മുതൽക്കൂട്ടാവുന്നതാണ്. കൂടാതെ പൊതുജനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക സംരക്ഷണ അവബോധം വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

1.14 നിമ്നോന്നതങ്ങളായ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സംസ്ഥാനത്തിന്റെ ഭൂവിനിയോഗ രീതികളുടെ ഏകോപനം പാരിസ്ഥിതിക ഭദ്രതയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് അത്യാവശ്യമാണ്. ബൃഹത്തായ ഈ സംരംഭം എല്ലാവിഭാഗം ജനങ്ങളുടെയും, വിവിധ വകുപ്പുകളുടെയും കൂട്ടായ ശ്രമത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ.

II

## 2. സർക്കാരിന്റെ സമീപനം

38,863 ച.കി.മീ. സ്ഥലത്ത് പരന്നു കിടക്കുന്ന കേരളത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമാക്കിയിട്ടുള്ള പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2.1 സ്വാഭാവികതയും ജൈവവൈവിധ്യവും നഷ്ടപ്പെട്ട ശുഷ്കിച്ച വനപ്രദേശങ്ങളിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കും. ഇത് പാരിസ്ഥിതികഭദ്രത, ജലസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തദ്ദേശിയർക്ക് ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കും.

2.2 പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തും. നാം തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും, വർദ്ധിച്ച് വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യമർഹിക്കുന്നു. ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട്

പതിറ്റാണ്ട് കൊണ്ട് പൂർത്തീകരിക്കുന്നതാണ്.

2.3 അനുയോജ്യമല്ലാത്ത കാലാവസ്ഥയും, മണ്ണിന്റെ ഫലഭൂയിഷ്ഠിക്കുറവും മൂലം പാടെ പരാജയപ്പെട്ടതോ, വളർച്ച മുരടിച്ചതോ വന്യജീവി വഴിത്താരകളിലുള്ളതോ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളതോ, നദീതടങ്ങളിലുള്ളതോ ആയ സർക്കാർ ഉടമസ്ഥയിലുള്ള തേക്ക് തോട്ടങ്ങൾ, മണ്ണ്-ജല സംരക്ഷണം ലക്ഷ്യമാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റും. ഇവിടങ്ങളിലെ ആവാസവ്യവസ്ഥയും അതിൽ നിലവിലുള്ള താമസക്കാരുടെയും പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും ഈ പരിപാടി നടപ്പിലാക്കുക.

2 . 4 ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലന്റാന, മൈക്കീനിയ, സെന്ന തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽ നിന്നും മറ്റ് ആവാസവ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനും തദ്ദേശീയ ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

2.5 വനനശീകരണത്തിനും മൂല്യശോഷണത്തിനും കാരണമായ കാട്ടുതീയിൽ നിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുജനപങ്കാളിത്തത്തോടുകൂടിയും, ആധുനിക രീതികൾ അവലംബിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

2 . 6 ഉൾവനങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെ മുൻകൂട്ടിഅറിയുന്നതിനും പ്രതിരോധിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി വനംവകുപ്പിനെ സജ്ജമാക്കുന്നതിനുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കും.

2 . 7 വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായും ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായും വനസംരക്ഷണ / വനവത്കരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും, ആധുനിക വിദ്യാഭ്യാസവും, അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യും. വനങ്ങളുടെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനും, പ്രകൃതിദുരന്ത സാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായും, അവർക്ക് താത്പര്യമുള്ള പക്ഷം മറ്റിടങ്ങളിലേക്ക് അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കും.

2 . 8 തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും, മൂല്യവർദ്ധനവും, വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കും. പങ്കാളിത്ത വനപരിപാലനത്തിന്റെയും, വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഇതിനായി ഉപയോഗിക്കും. ഇത് വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും

2 . 9 അമിത ചൂഷണവും ആവാസവ്യവസ്ഥയുടെ നാശവും നിമിത്തം അന്യംനിന്നുകൊണ്ടിരിക്കുന്ന സസ്യ-ജന്തുജാലങ്ങളെ കണ്ടെത്തി അവയുടെ പുനരുൽപാദനവും സംരക്ഷണവും ഉറപ്പുവരുത്തും. ഇതുവഴി ജൈവ സമ്പന്നത നിലനിർത്തുന്നതിനും മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ ഭാവിയിൽ ഉറപ്പാക്കുന്നതിനും സാധിക്കും.

2.10 വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വനത്തുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും, വന്യജീവികളുടെ സുഗമമായ

സഞ്ചാരം ഉറപ്പ വരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഇത് ഇടയാക്കും.

2.11 വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പ വരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ (ഉദാ: കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയവ) നട്ടുപിടിപ്പിക്കും. ഇതോടൊപ്പം തന്നെ വനത്തിനുള്ളിൽ തടയണകൾ, കുളങ്ങൾ, തുടങ്ങിയവ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കും. ഇതുവഴി ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പവരുത്തുവാൻ സാധിക്കുന്നതാണ്.

2.12 പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതോടൊപ്പം തന്നെ വനേതര പ്രദേശങ്ങളിലെ സവിശേഷമായ ആവാസ വ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീരവനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉടമസ്ഥരുടെ സമ്മതത്തോടും ജനപങ്കാളിത്തത്തോടും കൂടി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കും.

2.13 കടൽ/പുഴ തീരസംരക്ഷണത്തിനും, സമുദ്ര-ജല ആവാസവ്യവസ്ഥയിലുള്ള ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും തദ്ദേശീയവാസികളുടെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ അനുയോജ്യമായ നടപടികൾ കൈക്കൊള്ളും. തീരദേശവാസികളുടെ ജീവിതസന്ധാരണം മെച്ചപ്പെടുത്തുന്നതിനും പുഴയോര പ്രദേശങ്ങളിലെ കാർഷിക അഭിവൃദ്ധിക്കും ഇത് വഴിതെളിക്കും.

2.14 വനത്തിനു വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗീകരണം വർദ്ധിപ്പിക്കുന്നതിനും, വനാശ്രിതത്വം കുറയ്ക്കുന്നതിനും, സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കും. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും, കൃഷിക്കാരും, പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും.

2.15 തടിക്കും മറ്റുദ്ദേശത്തോടുകൂടിയും വളർത്തുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വൃക്ഷങ്ങളുടെ ശാസ്ത്രീയമായ പരിപാലനവും പുനരുൽപാദനവും ഉറപ്പവരുത്തുകയും അവയുടെ ഉൽപാദനക്ഷമത കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഇതിനായി പ്രയോജനപ്പെടുത്തും.

2.16 വനവൽക്കരണ പ്രവർത്തനങ്ങൾക്കും, തോട്ടനിർമ്മാണ പരിപാലന പ്രവർത്തനങ്ങൾക്കും കാലാനുസൃതവും, ഫലപ്രദവുമായ നവീന ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും, ആയത് സുഗമമായി നടപ്പിലാക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

**III**

**3. അവലംബന രീതി**

മേൽപ്പറഞ്ഞ, സമഗ്രമായ പാരിസ്ഥിതിക സമീപനം വിജയകരമായി നടപ്പിലാക്കേണ്ടത് നവകേരള സൃഷ്ടിക്ക് അനിവാര്യമാണ്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയുടെ ആധാരശിലയായ പ്രസ്തുത പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന അവലംബന രീതികൾ സ്വീകരിക്കുന്നതാണ്.

3.1 ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതാണ്. വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുകയും, വനാതിർത്തിയുടെ വിവരങ്ങൾ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇത് കയ്യേറ്റങ്ങളിൽ നിന്നും കാടിനെ സംരക്ഷിക്കുന്നതിനോടൊപ്പം വനാതിർത്തി പ്രദേശങ്ങളിൽ ഉണ്ടാകാനിടയുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുന്നതാണ്.

3.2 നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങൾ, അക്കേഷ്യ, യൂക്കാലിത്തോട്ടങ്ങൾ, വാറ്റിൽ, നിലവിലുള്ള തേക്ക് തോട്ടങ്ങളിൽ പരാജയപ്പെട്ടവ, വളർച്ച മുരടിച്ചവ, വന്യജീവി വഴിത്താരകളിലുള്ളവ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളവ, നദീതീരങ്ങളിലുള്ളവ എന്നിവ വർക്കിംഗ് പ്ലാൻ ശുപാർശകൾക്ക് വിധേയമായി, തേക്കിന്റെ ശേഖരണം ആവശ്യമെങ്കിൽ നടത്തിയശേഷം, മണ്ണ്-ജലസംരക്ഷണം ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതാണ്.

3.3 വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുവാനും, മേൽ വരുമാനത്തിന്റെ 50% പരിസ്ഥിതി-പുന:സ്ഥാപന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, ബാക്കി 5 0 % നിലനിർത്തുന്ന തേക്ക് തോട്ടങ്ങളുടെ മെച്ചപ്പെട്ട പരിപാലനത്തിനും, വനാധിഷ്ഠിത സമൂഹത്തിന്റെ ഉന്നമനത്തിനും, ആധുനിക വനപരിപാലന പ്രവർത്തനങ്ങൾക്കും ചാക്രിക നിധിയായി വിനിയോഗിക്കുന്നതാണ്.

3 . 4 വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശസസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കും.

3 . 5 മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് പങ്കാളിത്ത വനപരിപാലനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തികളിലൂടെ വനാശ്രിത സമൂഹങ്ങൾക്കിടയിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ വഴി മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്നതാണ്. വനാശ്രിത സമൂഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇത്തരം ശ്രമങ്ങൾക്ക് പ്രോത്സാഹനവും മാർഗ്ഗദർശനവും സർക്കാർ നൽകുന്നതാണ്.

3 . 6 അനിയന്ത്രിതമായ കാട്ടുതീ വനശോഷണത്തിനും, തന്മൂലം ജൈവസമ്പത്തിന്റെ നാശത്തിനും, ജലദൗർലഭ്യത്തിനും, മണ്ണൊലിപ്പിനും കാരണമായി ഭവിക്കുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വനപരിപാലനത്തിലൂടെയും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയും, ആധുനിക രീതികൾ അവലംബിച്ചും നടപ്പിലാക്കുന്നതാണ്.

3.7 വനസുരക്ഷ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ, വാഹനങ്ങൾ, ആയുധങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കും.

3.8 ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട വിപണനം എന്നിവ ഉറപ്പുവരുത്തി ആദിവാസി സമൂഹത്തിന് തൊഴിലവസരങ്ങളും, ജീവസന്ധാരണമാർഗ്ഗങ്ങളും, കാടിന്റെ സംരക്ഷണവും സാധ്യമാക്കും. തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ കോർത്തിണക്കി കർമ്മപരിപാടികൾ ആവിഷ്കരിക്കും.

3.9 കാവുകൾ ജൈവവൈവിധ്യത്തിന്റെ തുരുത്തുകളാണ്. കേരളത്തിൽ ആയിരക്കണക്കിന് കാവുകൾ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ അധീനതയിലാണ്. പൊതുജനപങ്കാളിത്തത്തോടെ കൂടുതൽ കാവുകളെ സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകും. ഇത്തരം ചെറുവനങ്ങളിൽ നിന്നും വർദ്ധിച്ച പാരിസ്ഥിതിക സേവനങ്ങളും പൊതുജനങ്ങൾക്കിടയിൽ പാരിസ്ഥിതിക അവബോധവും സൃഷ്ടിക്കുവാൻ സാധിക്കും.

3.10 കേരളത്തിലെ അവശേഷിക്കുന്ന കണ്ടൽക്കാടുകൾക്കും, പ്രത്യേകിച്ച് സ്വകാര്യവ്യക്തികളുടെയും മറ്റ് വകുപ്പുകളുടെയും അധീനതയിലുള്ള കണ്ടൽക്കാടുകൾക്ക്, വേണ്ടത്ര സംരക്ഷണം നൽകേണ്ടതുണ്ട്. ഈ സംരംഭത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമായും പൊതുസമൂഹവുമായുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനായി പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കും. ഇതുവഴി വനവിസ്തൃതി വർദ്ധനവും, അതിദ്രുതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കണ്ടൽക്കാടുകളുടെ പുനരുജ്ജീവനവും സാധ്യമാകും.

3 . 11 കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആകുന്നതിന് വൃക്ഷവൽക്കരണം ആവശ്യമാണ്. ആയതിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തും. ഇത് വ്യാപകമായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും

3 . 12 ഒരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ചുള്ള വൃക്ഷങ്ങളായിരിക്കും സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനത്തിന് സർക്കാർ പ്രോത്സാഹിപ്പിക്കുക. ചെമ്മണ്ണ്, വെട്ടുകല്ല് തുടങ്ങിയവയുള്ള പ്രദേശങ്ങളിൽ ഇരുൾ, കരിമരുത്, മാവ്, പ്ലാവ്, ഞാവൽ, കാഞ്ഞിരം, അത്തി, ആൽ തുടങ്ങിയ മരങ്ങളായിരിക്കും പ്രോത്സാഹിപ്പിക്കുക. എക്കൽ നിറഞ്ഞ സമുദ്രതീരങ്ങളിൽ പൂവരശ്, വാക, തെങ്ങ്, വേലിപ്പരുത്തി, നോനി, കുടംപുളി തുടങ്ങിയവയും പ്രോത്സാഹിപ്പിക്കും. പുഴ-നദി തീരങ്ങളിൽ മുള, ഈറ്റ നാങ്ക്, വെൺകട്ട, വെട്ടി, പുന്ന, കാര, അമ്പഴം, വെൺതേക്ക്, കിളിമരം, അത്തി, പൂവം, ആറ്റവഞ്ചി തുടങ്ങിയ മരങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക. സമതല പ്രദേശങ്ങളിൽ അശോകം, ആര്യവേപ്പ്, കുടംപുളി, പതിമുഖം, മന്ദാരം, കണിക്കൊന്ന, മുള, പേര, അയണി, ചരൽപ്പഴം, എബണി, കുടപ്പന, കിളിനാങ്ക് തുടങ്ങിയവ വെച്ചുപിടിപ്പിക്കും. വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ മണിമരുത്, നീർമരുത്, ഒങ്ങ്, ചോലവേങ്ങ, ഞാവൽ, പമ്പരകുമ്പിൾ, കടമ്പ് തുടങ്ങിയവയും പ്രോത്സാഹിപ്പിക്കും. ഉയരംകൂടിയ പ്രദേശങ്ങളിലാവട്ടെ മഴകാഞ്ഞിരം, ഈട്ടി, കുളമാവ്, വാലി, മരോട്ടി, വയണ, ചോലപ്പൂവം, പൂശിപ്പഴം, വലിയവെള്ളപ്പൈൻ, ചെങ്കുറിഞ്ഞി, എണ്ണപ്പയിൻ, കുന്തിരിക്കം, നിറമ്പാലി, കൊണ്ടപ്പന തുടങ്ങിയവയ്ക്കായിരിയ്ക്കും പ്രാധാന്യം നൽകുക. ഇത്തരത്തിലുള്ള മരങ്ങളെ അതാത് പ്രദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ച് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയായിരിക്കും സ്വീകരിക്കുക.

3 . 13 കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള സുസ്ഥിരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി തീരദേശ ജനതയുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി തീരപ്രദേശത്തിന് അനുയോജ്യമായ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് തീരവനം നിർമ്മിക്കും. ഈ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടും നേതൃത്വത്തോടും കൂടി

തൊഴിലുറപ്പ പദ്ധതി മുഖേന കാര്യക്ഷമമായി നടത്തുവാൻ കഴിയും.

3.14 നദികളുടെയും റിസർവോയറുകളുടെയും വൃഷ്ടിപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ, മുള, ഈറ്റ തുടങ്ങിയവ പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുകയും ഇതിനാവശ്യമായ വൃക്ഷതൈകൾ തൊഴിലുറപ്പ് പദ്ധതി മുഖേനയും, വനംവകുപ്പിന്റെ സാമൂഹ്യ വനവത്കരണ വിഭാഗം മുഖേനയും ഉല്പാദിപ്പിച്ച് യഥാസമയം വിതരണം ചെയ്യുന്നതാണ്.

3.15 വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതികളും കാർബൺ ആഗിരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയും വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വ്യാപിപ്പിക്കുന്നതാണ്.

3.16 പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. മാനവശേഷി വികസനത്തിന് ആധുനിക രീതിയിലുള്ള പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തും. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കും.

## IV

### 4. സംഗ്രഹം :-

4.1 കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ട് പാരിസ്ഥിതി ധവളപത്രം സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ കേരളത്തിന്റെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിച്ചിരുന്നു. അതിലെ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് വനവും അനുബന്ധ മേഖലകളും എങ്ങനെ സംരക്ഷിക്കാമെന്നത് സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടാണ് ഈ നയരേഖയിൽ അവതരിപ്പിക്കുന്നത്.

4.2 പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ആവാസവ്യവസ്ഥയുടെ ശോഷണവും കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യരുടെ ജീവിത ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു. ആരോഗ്യകരമായ സ്വാഭാവിക പ്രകൃതി / പരിസ്ഥിതി എന്നത് സുസ്ഥിര സാമ്പത്തിക വളർച്ചക്കും ശ്രേയസ്കരമായ സമൂഹത്തിനും ആധാരമായ പ്രധാന ഘടകങ്ങളാണ്. ഇവ തമ്മിലുള്ള മൗലിക ബന്ധം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നത് മൂലം നാം സുസ്ഥിര വികസനത്തിലേക്ക് കൂടുതൽ അടുക്കുന്നതാണ്.

4.3 നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പല കാരണങ്ങളാൽ ക്ഷയിച്ചുപോയിട്ടുണ്ട് അവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തന പദ്ധതികൾ ജനങ്ങളുടെയും പ്രത്യേകിച്ചും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക പ്രധാനമാണ്. അത് സംബന്ധിച്ച കാഴ്ചപ്പാട് രൂപീകരിച്ച് ഇടപെടുന്ന കാര്യമാണ് ഈ രേഖയിൽ മുന്നോട്ടുവച്ചിട്ടുള്ളത്.

4.4 വനങ്ങളുടെ ആരോഗ്യത്തിനും നമ്മുടെ ആവാസ വ്യവസ്ഥയ്ക്കും തടസ്സമായി നിൽക്കുന്ന സസ്യ ജന്തുജാലങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ സാന്നിധ്യം ഇല്ലാതാക്കുന്നതിനുതകുന്ന കാഴ്ചപ്പാടാണ് ഇതിൽ വിശദീകരിക്കുന്നത്. അതോടൊപ്പം ഏതെല്ലാം തരത്തിലുള്ള ജീവജാലങ്ങളാണ് ഒരോ ആവാസവ്യവസ്ഥയ്ക്കും ഗുണപരമായിട്ടുള്ളതെന്ന് പരിശോധിച്ച് അവ വ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും മുന്നോട്ടുവയ്ക്കുന്നു.

4.5 വനപ്രദേശങ്ങൾ എന്ന നിലയിൽ നാം വിഭാവനം ചെയ്യുന്ന ഇടങ്ങളിൽ മാത്രമല്ല നമ്മുടെ ആവാസ

വ്യവസ്ഥയെ ദുർബലപ്പെടുത്തുന്ന തരത്തിൽ നില നിൽക്കുന്ന സസ്യജാലങ്ങളെ ഒഴിവാക്കുന്നതിനുള്ള പ്രക്രിയയായി ഇത് മാറുന്നു. ഒപ്പം ആവാസവ്യവസ്ഥയ്ക്ക് സൗഹാർദ്ദപരമായി നിൽക്കുന്ന സസ്യജാലങ്ങളെ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനമായി തീരുകയും ചെയ്യുന്നു.

4.6 പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും ജീവനോപാധികൾ സംരക്ഷിച്ചുകൊണ്ടും സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം വകുപ്പ് മാത്രമല്ല, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, മറ്റു സർക്കാർ വകുപ്പുകൾ, സർക്കാർ ഇതരസംവിധാനങ്ങൾ, വാണിജ്യ കൂട്ടായ്മകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവ പരസ്പര പൂരകങ്ങളായി വർത്തിക്കണം. വന പുനസ്ഥാപനം അടിസ്ഥാനമായിട്ടുള്ള സുസ്ഥിര വികസനത്തിന്, ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട പങ്കാളികളുടെ സഹകരണത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കുവാൻ വിവക്ഷിക്കുന്നു.

4 . 7 ഇത്തരത്തിൽ വന പുന:സ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന വന പുനസ്ഥാപന നയം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാവും. ഇത് വന പുനസ്ഥാപനത്തിനും അതുവഴി പാരിസ്ഥിതിക സംരക്ഷണത്തിനും ബഹുജനങ്ങളെ അണിനിരത്തിയുള്ള ഒരു ജനകീയ പ്രസ്ഥാനം രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നു.

4 . 8 വന-പ്രകൃതി സംരക്ഷണത്തിന് വനാശ്രിത സമൂഹങ്ങളെയും ബഹുജനങ്ങളെയാകമാനവും ഉൾപ്പെടുത്തിയുള്ള വലിയ മുന്നേറ്റം വിഭാവനം ചെയ്യുന്നു. അതുവഴി ഇത്തരമൊരു അവബോധം തലമുറകളിലൂടെ കൈമാറ്റം ചെയ്ത് കേരളത്തിന്റെ വനസമ്പത്തും പ്രകൃതിയും സംരക്ഷിക്കുന്നതിനുള്ള സമീപനമായിത്തീരും.

------------------------------------